ആദിവാസി, ദളിത് വിഭാഗങ്ങളിലെ വിദ്യാർത്ഥികൾക്ക് ഉച്ചഭക്ഷണം

55 (4666) ശ്രീ. കെ. രാധാകൃഷ്ണൻ :
ശ്രീ. കെ. വി. വിജയദാസ് :
ശ്രീ. പുരുഷൻ കടലുണ്ടി :
ശ്രീ. പി. റ്റി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അനാദായകരമായി കണക്കാക്കപ്പെട്ട സ്കൂളുകളിൽ പഠിക്കുന്ന ആദിവാസി, ദളിത് വിഭാഗങ്ങളിലെ വിദ്യാർത്ഥികൾക്ക് ഉച്ചഭക്ഷണ പദ്ധതിയുടെ ഫലം ലഭിക്കുന്നില്ലെന്നുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ:

(ബി) ഇതിലേക്കായി ഒരു കുട്ടിയ്ക്ക് എത്ര രൂപയാണ് ചെലവിനായി നീക്കി വെച്ചിട്ടുള്ളത്;

(സി) ഭക്ഷ്യവസ്തുക്കൾക്ക് വൻതോതിൽ വില വർദ്ധിച്ചിട്ടുള്ള ഇക്കാലത്ത് ഈ തുക പര്യാപ്തമാണെന്ന് കരുതുന്നുണ്ടോ;

(ഡി) പ്രസ്തുത തുക വർദ്ധിപ്പിച്ച് ഉച്ചഭക്ഷണ പദ്ധതി ഊർജ്ജിതമാക്കാൻ വേണ്ട നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഇല്ല.

(ബി) കുട്ടിയൊന്നിന് 5 രൂപ നിരക്കിൽ നൽകിവരുന്നു.

(സി&ഡി) പരിശോധിച്ചുവരുന്നു.

വലപ്പാട് ഗവ.ഹയർ സെക്കണ്ടറി സ്കൂളിലെ പ്ലസ് അദ്ധ്യാപക തസ്തിക

56 (4667) ശ്രീമതി ഗീതാ ഗോപി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വലപ്പാട് ഗവ. ഹയർ സെക്കണ്ടറി സ്കൂളിൽ 2011-12 വർഷത്തിൽ അനുവദിച്ച അധിക പ്ലസ് ടു ബാച്ചിന് ആവശ്യമായ അദ്ധ്യാപക തസ്തിക നിർണ്ണയിച്ച് അനുമതി നൽകാൻ കാലതാമസം നേരിടുന്നതിന് കാരണം വിശദമാക്കുമോ;

(ബി) അധിക ബാച്ച് അനുവദിച്ചതു മൂലം ഉണ്ടായ തസ്തികകളിൽ ഗസ്റ്റ് അദ്ധ്യാപകരായി ജോലി നോക്കുന്നവർക്ക് ശമ്പളം നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ;

(സി) തസ്തിക നിർണ്ണയം പൂർത്തിയാക്കി ഗസ്റ്റ് അദ്ധ്യാപകർക്ക് ശമ്പളം നൽകുവാൻ സത്വര നടപടികൾ സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) വലപ്പാട് ഗവൺമെന്റ് ഹയർ സെക്കണ്ടറി സ്കൂളിൽ 2011-12 വർഷത്തിൽ അനുവദിച്ച അധിക പ്ലസ് ടു ബാച്ചിന്റെ പ്രവർത്തനം കുട്ടികളുടെ കുറവുമൂലം ടി അദ്ധ്യായന വർഷം ആരംഭിച്ചിരുന്നില്ല. അതിനുശേഷം 2012-13 അദ്ധ്യായന വർഷം മുതൽ മതിയായ കുട്ടികൾ ഉള്ളതിനാൽ ടി ബാച്ചിന് പ്രവർത്തനാനുമതി നൽകണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് 2014-ൽ ഹയർ സെക്കണ്ടറി ഡയറക്ടറിൽനിന്നും ലഭിച്ച ശിപാർശ സർക്കാർ പരിശോധിച്ചുവരികയാണ്. ബാച്ചിന് പ്രവർത്തനാനുമതി നൽകിയശേഷം തസ്തിക സൃഷ്ടിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

(ബി&സി) ജോലി ഭാരത്തിനനുസൃതമായി തസ്തികകൾ സൃഷ്ടിച്ചിട്ടില്ലാത്തതിനാലാണ് ഗസ്റ്റ് അദ്ധ്യാപകർക്ക് വേതനം നൽകാൻ കഴിയാതിരുന്നത്. തസ്തികകൾ സൃഷ്ടിച്ചതിനുശേഷം നിലവിലുള്ള നിയമങ്ങൾക്കനുസൃതമായി നിയമിക്കപ്പെട്ട യോഗ്യരായ എല്ലാ ഗസ്റ്റ് അദ്ധ്യാപകർക്കും ശമ്പള കുടിശ്ശിക നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

മൾട്ടി ഗ്രേഡ് ലേണിംങ് സെന്റർ ഇൻസ്ട്രക്ടർമാരുടെ വേതനം

57 (4668) ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ MGLC (മൾട്ടി ഗ്രേഡ് ലേണിംങ് സെന്റർ) ഇൻസ്ട്രക്ടർമാരുടെ വേതനം പതിനായിരം രൂപയായി വർദ്ധിപ്പിക്കണമെന്ന് മനുഷ്യാവകാശ കമ്മീഷൻ ശുപാർശ ചെയ്തിട്ടുണ്ടോ;

(ബി) എങ്കിൽ ഈ ശുപാർശ പരിഗണിച്ച് മേൽ സ്ഥാപനങ്ങളിലെ ജീവനക്കാർക്ക് വേതനം വർദ്ധിപ്പിച്ച് നൽകിയിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) മനുഷ്യാവകാശ കമ്മീഷൻ ശിപാർശ പരിഗണിച്ച് വിദ്യാ വോളന്റിയർമാരുടെ വേതനം 3000 രൂപയിൽ നിന്നും 5000 രൂപയായി ഉയർത്തിയിട്ടുണ്ട്. 2014 സെപ്റ്റംബർ മുതൽ ഇവർക്ക് 5000 രൂപ ഓണറേറിയം നൽകുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly